KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

# കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരേ *സേ നോ റ്റു ഡ്രഗ്സ്* സന്ദേശവുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചന യോഗം

## റിപ്പോർട്ടുകളും ശുപാർശകളും
## സെപ്റ്റംബർ 2021

# കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരേ ***സേ നോ റ്റു ഡ്രഗ്സ്*** സന്ദേശവുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചന യോഗം

**റിപ്പോർട്ടുകളും ശുപാർശകളും**
**സെപ്റ്റംബർ 2021**


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ശ്രീമതി പി.വി. ഗീത<br>രജിസ്ട്രാർ |
| എഡിറ്റർ | : | ശ്രീ.പി.ശ്യാം കുമാർ<br>പബ്ലിക് റിലേഷൻസ് ഓഫീസർ |
| റിപ്പോർട്ട് | : | ശ്രീ. ആൽഫ്രഡ് ജെ. ജോർജ്<br>സീനിയർ ടെക്നിക്കൽ ഓഫീസർ<br>ശ്രീമതി ജ്യോതി കെ.ജി.<br>ജെ.ജെ. സെൽ |
| ടൈപ്പ് സെറ്റിംഗ് | : | ശ്രീമതി മിനിമോൾ |
| രൂപകൽപ്പന,അച്ചടി | : | സി-ആപ്റ്റ്, തിരുവനന്തപുരം |
| പ്രിന്റ് & പബ്ലിഷർ | : | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ |
| കോപ്പികൾ | : | 25 |



**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,
തിരുവനന്തപുരം - 695 034 ഫോൺ: 0471 2326603, ഫാക്സ്: 0471 2326603

ഇ-മെയിൽ: childrights.cpcr@kerala.gov.in sh_v: www.kescpcr.kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 5 |
| I | കർത്തവ്യവാഹകർ പങ്കുവെച്ച നിർദ്ദേശങ്ങൾ | 7 |
| 1 | തദ്ദേശസ്വയം ഭരണ വകുപ്പ് | 7 |
| 2 | പൊതുവിദ്യാഭ്യാസ വകുപ്പ് | 8 |
| 3 | പോലീസ് | 8 |
| 4 | സംയോജിത ശിശുവികസന പദ്ധതി പ്രോഗ്രാം ഓഫീസർ | 9 |
| 5 | എക്സൈസ് കമ്മീഷണർ, വിമുക്തി മിഷൻ | 9–10 |
| 6 | കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ | 10 |
| 7 | സംയോജിത ശിശുസംരക്ഷണ പദ്ധതി | 11 |
| 8 | ചൈൽഡ് ലൈൻ | 11–12 |
| 9 | കമ്മീഷന്റെ കണ്ടെത്തലുകൾ | 12 |
| 10 | ആഭ്യന്തര/എക്സൈസ് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ | 18 |

# കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരേ *സേ നോ റ്റു ഡ്രഗ്സ്* സന്ദേശവുമായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിച്ച കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചന യോഗം

## ആമുഖം

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ-26 ന് കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്ന വിഷയത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ കർത്തവ്യവാഹകർക്ക് ഏകദിന വെബിനാർ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിൽ കുട്ടികൾക്കിടയിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, കുട്ടികൾക്കിടയിൽ പ്രത്യേക ശ്രദ്ധ നൽകുന്നതിനും, സമൂഹത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും കർത്തവ്യവാഹകരെ ശാക്തീകരിക്കുക എന്നതായിരുന്നു വെബിനാറിന്റെ ഉദ്ദേശ്യം. മദ്യം, മയക്കുമരുന്ന് എന്നിവയോട് വർദ്ധിച്ചുവരുന്ന ആസക്തി, കുട്ടികളുടെ ശാരീരിക- മാനസിക ആരോഗ്യപ്രശ്നങ്ങൾ കൂടുതലായി കേരളത്തിലും റിപ്പോർട്ട് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ആയതിന്മേൽ തുടർ നടപടികൾ കൈക്കൊള്ളുന്നതിനും ആയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി 12.08.2021 ന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഓൺലൈൻ മുഖേന യോഗം സംഘടിപ്പിക്കുകയുായി. തദ്ദേശ സ്വയം ഭരണവകുപ്പ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെ നോഡൽ ഓഫീസർ, ഐ.സി.ഡി.എസ്. സംസ്ഥാന പ്രോഗ്രാം ഓഫീസർ, ജോയിന്റ് എക്സൈസ് കമ്മീഷണർ വിമുക്തി മിഷൻ, കുടുംബശ്രീ സംസ്ഥാന മിഷൻ കോർഡിനേറ്റർ, ഐ.സി.പി.എസിന്റെ പ്രോഗ്രാം ഓഫീസർ, ചൈൽഡ്ലൈൻ സംസ്ഥാന കോർഡിനേറ്റർ എന്നിവരാണ് യോഗത്തിൽ പങ്കെടുത്തത്.

രാവിലെ 10.30 ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീ. റെനി ആന്റണിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീമതി. ബബിത സ്വാഗതം ആശംസിക്കുകയുണ്ടായി. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി. മനോജ്കുമാർ കൂടിയാലോചനാ യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ''മനുഷ്യന്റെ ചിന്താശേഷിയെ സാരമായി ബാധിക്കുന്ന മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്നു. നാർകോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക്ക് സബ്സ്റ്റാൻസസ് ആക്ട്, 1985 അടക്കമുള്ള ശക്തമായ നിയമ സംവിധാനങ്ങളുണ്ടായിട്ടും മയക്കുമരുന്നുകളും മറ്റ് ലഹരി പദാർത്ഥങ്ങളും കുട്ടികൾക്ക് യഥേഷ്ടം ലഭ്യമാകുന്നു എന്നത് ഗൗരവത്തോടെ കാണേണ്ടതുണ്ടെന്നും ഇത് തടയുന്നതിന് എക്സൈസ്, പോലീസ്, തദ്ദേശസ്വയം ഭരണവകുപ്പ്, അദ്ധ്യാപകർ, മറ്റ് സർക്കാർ സംവിധാനങ്ങൾ എന്നിവ എകോപനപരമായി പ്രവർത്തിച്ചാൽ മാത്രമേ ലഹരിയുടെ പിടിയിലകപ്പെടുന്ന കുട്ടികളെ സംരക്ഷിക്കാൻ സാധിക്കൂ'' എന്നും പരിപാടിയുടെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ച കമ്മീഷൻ ചെയർപേഴ്സൺ സൂചിപ്പിക്കുകയുണ്ടായി.

തുടർന്ന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് വിഷയം അവതരിപ്പിക്കുകയും, കർത്തവ്യവാഹകരുടെ ചർച്ച നടക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ കർത്തവ്യവാഹകർ പങ്കുവെച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

# കർത്തവ്യവാഹകർ പങ്കുവെച്ച നിർദ്ദേശങ്ങൾ

## 1. തദ്ദേശസ്വയം ഭരണ വകുപ്പ്

പഞ്ചായത്ത്/വാർഡ് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ രൂപീകരണവും അതാത് പഞ്ചായത്ത്/വാർഡ് തലത്തിൽ വിമുക്തി ജാഗ്രതാസമിതി, സ്കൂൾ തലത്തിലുള്ള പി.റ്റി.എ, ഐ.സി.ഡി.എസ്, കുടുംബശ്രീ എന്നിവയെ ഉൾപ്പെടുത്തി കുട്ടികൾക്കിടയിൽ കൃത്യമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികളും, ഇടപെടലുകളും നടത്തുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

കോവിഡ് - 19 ന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ കൂടുതൽ സമയവും വീടുകളിൽ അടച്ചിട്ടിരിക്കേണ്ടിവരുന്നതും, കായികപ്രവർത്തനങ്ങൾക്കും, മറ്റ് കളികൾക്കുമായി അവസരങ്ങൾ കുറയുന്നതുമെല്ലാം അവരെ കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടാൻ കാരണമാകുന്നു. ആയതിനാൽ കുട്ടികൾക്ക് ആവശ്യമായ കായികാഭ്യാസം നൽകുന്നതിന് കളിസ്ഥലവും, സ്പോർട്ട് ക്ലബുകളും ഉൾപ്പെടുത്തി പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതും അതാത് പഞ്ചായത്തിന്റെ സഹകരണത്തോടെ കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

നിരവധി വാർഡുകളുള്ള പഞ്ചായത്തുകളിൽ വാർഡ് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത കമ്മിറ്റിയുടെ കോർഡിനേഷൻ പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്നതിനും, ഇതിനായി സാഹചര്യം ആവശ്യപ്പെടുന്നപക്ഷം പഞ്ചായത്ത്തലത്തിൽ ഒരു കോർഡിനേറ്ററെ കൂടി നിയമിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതുമാണ്.

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ വാർഡ് തലത്തിൽ പുന:സംഘടിപ്പിക്കുന്ന ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങളുമായി എക്സൈസ്, ഐ.സി.ഡി.എസ്., കുടുംബശ്രീ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വിമുക്തി ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത്തലത്തിൽ തന്നെ കുട്ടികൾക്കിടയിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും. ഇതിന് ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്തിന്റെ വാർഷിക വികസന പദ്ധതികളിൽ അതാത് പഞ്ചായത്തിലെ വായനശാലകൾ, ക്ലബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും പദ്ധതിയുടെ മാർഗ്ഗരേഖകളിൽ ഇക്കാര്യം പ്രത്യേകം ഉൾപ്പെടുത്തുന്നതിനും കമ്മീഷൻ പ്രത്യേകമായി ശുപാർശ നൽകേണ്ടതുണ്ട്.

കുട്ടികൾക്കിടയിലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനും ഇത്തരം പ്രവണതയെ പ്രതിരോധിക്കുന്നതിനും ടാസ്ക് ഫോഴ്സിന്റെ രൂപീകരണവും ഇടപെടലുകളുടെ മോണിറ്ററിംഗും നടത്തുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

## 2. പൊതുവിദ്യാഭ്യാസ വകുപ്പ്

സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബുകളുടെയും, എൻ.സി.സി./ എസ്.പി.സി എന്നീ പദ്ധതികളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കുന്നതിനും, ലഹരിയുടെ പിടിയിലകപ്പെടുന്ന കുട്ടികളെ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും ലഹരിയുടെ പിടിയിൽ അകപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനും സാധിക്കും.

കോവിഡ്-19 മഹാമാരിയുടെ കാലത്ത് വിദ്യാഭ്യാസം ഓൺ ലൈനിലൂടെ ആയതിനാൽ അവരുടെ മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിനും അവരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനും വിവിധ സർക്കാർ-സർക്കാരേതിര സ്ഥാപനങ്ങൾ, ബാലസഭകൾ, ക്ലബുകൾ, സി.പി.സി എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളാവുന്നതാണ്.

## 3. പോലീസ്

കോവിഡ് - 19 മഹാമാരിയുടെ കാലത്ത് കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുട്ടികളുടെ ആത്മഹത്യ തടയുന്നതിനും കേരള പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച കൗൺസിലിംഗ് നൽകുന്ന പദ്ധതിയാണ് 'ചിരി'. കുട്ടികളുടെ മാനസിക സംഘർഷം അകറ്റി അവരെ നേർവഴിക്ക് നയിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. 9447900200 എന്ന ടോൾഫ്രീ നമ്പരും കൗൺസിലിംഗിനായി പ്രവർത്തനക്ഷമമാ

ക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴേതട്ടിലേക്ക് എത്തിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൂടുതൽ പ്രവർത്തനം നടത്തുന്നതിനും ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

## സംയോജിത ശിശുവികസന പദ്ധതി പ്രോഗ്രാം ഓഫീസർ

നിലവിൽ സംസ്ഥാനത്ത് 33,115 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു വാർഡിൽ ഒന്നു മുതൽ മൂന്ന് വരെ അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ആയതിനാൽ വാർഡ്തല ജാഗ്രതാസമിതിയുടെ രൂപീകരണത്തിൽ അംഗൻവാടി ജീവനക്കാർക്ക് കൂടുതലായി ഇടപെടലുകൾ നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും സാധിക്കും. കൂടാതെ 960 സ്കൂൾ കൗൺസിലർമാർ നിലവിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ കൗൺസിലേഴസിന് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. കൗൺസിലേഴ്സിന്റെ സഹായത്തോടെ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ 'പിയർ എഡ്യൂക്കേറ്റേഴ്സ്' ആയി പ്രത്യേക പരിശീലനം നൽകിയാൽ സ്കൂൾതല ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടൽ നടത്തുന്നതിന് സാധിക്കും.

പഞ്ചായത്ത്തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ ചുമതലയുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസേഴ്സ് മുഖേന മറ്റ് വകുപ്പുകളെ ഏകോപിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ കോർഡിനേഷൻ നടത്തുന്നതിന് സാധിക്കും. ആയതിനാൽ ഇക്കാര്യത്തിൽ വകുപ്പു തലത്തിലുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്.

അംഗൻവാടി തലത്തിൽ പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബുകൾ വഴി കൂടുതൽ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും സാധിക്കും.

## എക്സൈസ് കമ്മീഷണർ, വിമുക്തി മിഷൻ

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ലഹരി വിമുക്ത ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് – 19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ ലഹരി വിരുദ്ധ ക്ലബുകളുടെ

പ്രവർത്തനങ്ങളിലും ബോധവത്കരണ പരിപാടികളുടെ നടത്തിപ്പിലും തടസ്സങ്ങൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ലഹരി വിരുദ്ധ ക്ലബുകളുടെ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതാണ്.

തദ്ദേശസ്വയംഭരണ പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ്തലത്തിൽ വിമുക്തി ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വാർഡ്തലത്തിലുള്ള അംഗൻവാടി ജീവനക്കാർ, ആശാ വർക്കർമാർ, കുടുംബശ്രീ എന്നീ സംവിധാനങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിലൂടെ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെയും ഒറ്റപ്പെട്ടുപോകുന്ന കുട്ടികളെയും കണ്ടെത്താൻ സാധിക്കും.

എക്സൈസ് വകുപ്പ് ലഹരിവിമുക്തിയുടെ ഭാഗമായി നടപ്പാക്കുന്ന 'ഉണർവ്വ്' പദ്ധതി തിരഞ്ഞെടുക്കപ്പെട്ട ചില സ്കൂളുകളിൽ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. കായികവും, മാനസികവുമായ ഉണർവ്വ് ലക്ഷ്യംവച്ചുകൊണ്ട് ലഹരിയെ ഒഴിവാക്കുന്നതിനായി കുട്ടികളുടെ ഉല്ലാസത്തിന് വഴിയൊരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ പ്രയോജനം മുഴുവൻ കുട്ടികളിലേക്കും ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

എക്സൈസ് വകുപ്പിന്റെയും, നിംഹാൻസിന്റെയും നേതൃത്വത്തിൽ ലഹരി ഉപയോഗിക്കുന്ന ഒരു കുട്ടിയെ സ്കൂളിൽ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യാം എന്നത് സംബന്ധിച്ച് വിവിധ സ്കൂളുകളിലെ 70 അദ്ധ്യാപകരെ ഉൾപ്പെടുത്തി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. ഇത്തരം പരിശീലന പരിപാടികൾ കൂടുതലായി നടപ്പാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

## കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ

ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുന്ന കുട്ടികളിൽ ലക്ഷ്യബോധമില്ലായ്മ എന്ന പ്രശ്നം കണ്ടുവരുന്നു. ആയതിനാൽ കുട്ടികളിൽ ലക്ഷ്യബോധം ഉണ്ടാക്കിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഒരു കുട്ടിയെ ഉത്തമ പൗരനാക്കി വളർത്തുന്നതിനും, കുട്ടികളിൽ ലക്ഷ്യബോധം ഉണ്ടാക്കിയെടുക്കുന്നതിനും, വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

## സംയോജിത ശിശു സംരക്ഷണ പദ്ധതി

'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി പ്രകാരം 340 സ്കൂളുകളിൽ ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തി അവരുടെ നിരവധി പ്രശ്നങ്ങളിൽ ഇടപെടൽ നടത്തിവരുന്നു. ഇതിൽ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങളിലും ഇട പെടൽ നടത്തുന്നുണ്ട്. കൂടാതെ ലഹരിക്ക് അടിമപ്പെടുന്ന കുട്ടികളുടെ കാര്യങ്ങളിൽ ഇടപെടുന്നതിന് ജില്ലാതല റിസോഴ്സ് സെന്റർ 10 ജില്ലക ളിൽ ആരംഭിച്ചിട്ടുണ്ട്. ഡി-അഡിക്ഷൻ ആവശ്യമായ കുട്ടികൾക്കുള്ള സേവനങ്ങളും, പാരന്റിംഗ് ക്ലിനിക്കുകളും, ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി എങ്ങനെ പ്രവർത്തി ക്കണം എന്നത് സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസേഴ്സിന് 'കില' യുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. ആയതിനാൽ മുഴുവൻ സ്കൂളുകളിലേക്കും ഈ പദ്ധതി യുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളാവു ന്നതാണ്.

കുട്ടികൾക്കും മുതിർന്നവർക്കുമായി 14 ജില്ലകളിലും ഡി അഡിക്ഷൻ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കുട്ടികൾക്ക് മാത്രമായി ഡി അഡിക്ഷൻ സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. അതിനാൽ കു ട്ടികളുടെ പ്രത്യേക ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും മെഡി ക്കൽ ഓഫീസർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സോഷ്യൽ വർക്കർ, നേഴ്സ് എന്നിവരെ വിവിധ തസ്തികകളിൽ നിയമിച്ചുകൊണ്ട് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളാവുന്ന താണ്.

## ചൈൽഡ്ലൈൻ

ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചൈൽഡ് ലൈൻ കൃത്യമായി ഇടപെടൽ നടത്തിവരുന്നു. മലപ്പുറം, ഇടുക്കി ജില്ലകളിൽ നിന്നാണ് നിലവിൽ കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടു ന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ നിന്നും കുട്ടികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ഇടപെട ലുകൾ കൂടുതൽ ശക്തമാക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ കൂടുതലായി

ഉൾപ്പെടുത്തുന്നതിനും, പ്രത്യേക സർക്കാർ സംവിധാനങ്ങളെ ചുമതലപ്പെടുത്തി ജില്ലാതലത്തിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം ശേഖരിക്കുന്നതിനും, ഒരു കോർ ഗ്രൂപ്പ് സജ്ജമാക്കുന്നതിനും സാധിച്ചാൽ കുട്ടികൾക്കിടയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും, മാസാടിസ്ഥാനത്തിലുള്ള വിവരശേഖരണത്തിനും സാധിക്കും. ആയതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളാവുന്നതാണ്.

കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും, ലഹരി വിരുദ്ധ അവബോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും, നിലവിലുള്ള ഓരോ കർത്തവ്യവാഹകർക്കും എന്തെല്ലാം ചെയ്യാൻ സാധിക്കും എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനുള്ള ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

ലഹരിവിരുദ്ധ സന്ദേശങ്ങൾ പത്ര മാധ്യമങ്ങൾവഴി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

## കമ്മീഷന്റെ കണ്ടെത്തലുകൾ

പഞ്ചായത്ത്/വാർഡ് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിക്കുമ്പോൾ അതാത് പഞ്ചായത്ത്/വാർഡ്തലത്തിൽ വിമുക്തി ജാഗ്രതാ സമിതി, സ്കൂൾതലത്തിലുള്ള പി.ടി.എ, ഐ.സി.ഡി.എസ് കുടുംബശ്രീ എന്നീ സംവിധാനങ്ങളെ ഉൾപ്പെടുത്തി കുട്ടികൾക്കിടയിൽ ആവശ്യമായ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടതുണ്ട്.

കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ കൂടുതൽ സമയവും വീടുകളിൽ അടച്ചിട്ടിരിക്കേണ്ടി വരുന്നതിനാൽ അവരുടെ കായികാഭ്യാസത്തിനും മറ്റ് കായികവിനോദങ്ങൾക്കും അവസരങ്ങൾ കുറയുന്നതും കുട്ടികളെ കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടാൻ കാരണമാകുന്നു. ആയതിനാൽ കുട്ടികൾക്ക് കായികാഭ്യാസം നൽകുന്നതിന് കളിസ്ഥലവും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കി അതാത് പഞ്ചായത്തിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

വാർഡുകളുടെ എണ്ണം കൂടുതലുള്ള പഞ്ചായത്തുകളിൽ വാർഡ്തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ കോർഡിനേഷൻ അതാത് പഞ്ചായത്തുതലത്തിൽ നടപ്പാക്കുന്നതിന് ഒരു കോർഡിനേറ്ററെ നിയമിക്കേണ്ടതുണ്ട്.

പഞ്ചായത്ത് വാർഷിക വികസന പദ്ധതികളിൽ അതാത് പഞ്ചായത്തിലെ വായനശാലകൾ, ക്ലബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ പുന:രുജ്ജീവിപ്പിക്കുന്നതിനുള്ള പ്രത്യേക ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് ഇക്കാര്യം പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

കുട്ടികൾക്കിടയിലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനും ഇത്തരം പ്രവണതയെ പ്രതിരോധിക്കുന്നതിനും ടാസ്ക്ഫോഴ്സിന്റെ രൂപീകരണവും ഇടപെടലുകളുടെ കൃത്യമായ മോണിറ്ററിംഗും നടപ്പിലാക്കേണ്ടതുണ്ട്.

സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട്.

കോവിഡ്-19 മഹാമാരികാലത്ത് കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനും കുട്ടികൾക്കിടയിലെ ആത്മഹത്യ തടയുന്നതിനും കേരള പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയായ 'ചിരി' യുടെ വിവരങ്ങൾ താഴേത്തട്ടിലേക്ക് എത്തിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിച്ച് കൂടുതൽ പ്രവർത്തനം നടത്തേണ്ടതുണ്ട്.

സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ കൗൺസിലേഴ്സിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്ത കുട്ടികളെ പിയർ എഡ്യൂക്കേറ്റേഴ്സ് ആയി പ്രത്യേക പരിശീലനം നൽകുകയും സ്കൂൾ തല ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

അംഗൻവാടിതലത്തിൽ പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബുകൾ വഴി കൂടുതൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ രൂപീകരിച്ചിരിക്കുന്ന ലഹരി വിമുക്ത ക്ലബുകളുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കേണ്ടതുണ്ട്.

കുട്ടികളുടെ കായികവും മാനസികവുമായ ഉണർവ്വ് ലക്ഷ്യംവച്ചുകൊണ്ട് ലഹരിയെ ഒഴിവാക്കുന്നതിനായി കുട്ടികളുടെ ഉല്ലാസത്തിന് വഴിയൊരുക്കുന്ന പദ്ധതിയായ 'ഉണർവ്വ്' പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ട്.

കുട്ടികളിൽ ലക്ഷ്യബോധം വളർത്തിയെടുക്കുന്നതിന് ആവശ്യമായ അവ ബോധ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

'ഔവർ' റെസ്പോൺസബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി കൂടുതൽ സ്കൂളു കളിലേക്ക് നടപ്പിലാക്കുന്നതിനും പദ്ധതി പ്രകാരം ലഹരിക്ക് അടിമപ്പെടുന്ന കുട്ടികളുടെ പ്രശ്നങ്ങളിൽ കൂടുതലായി ഇടപെടേണ്ടതുമുണ്ട്.

മദ്യം മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെടുന്ന കുട്ടികൾക്ക് മാത്രമായി പ്രത്യേക ഡി–അഡീക്ഷൻ സെന്റർ തുടങ്ങേണ്ടതുണ്ട്.

**തദ്ദേശ സ്വയംഭരണം/ പൊതുവിദ്യാഭ്യാസം/വനിതാ ശിശുവികസനം**

പഞ്ചായത്ത്/വാർഡ് തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി യുടെ രൂപീകരണവും അതാത് പഞ്ചായത്ത്/വാർഡ് തലത്തിൽ വിമുക്തി ജാഗ്രതാസമിതി, സ്കൂൾ തലത്തിലുള്ള പി.റ്റി.എ, ഐ.സി.ഡി.എസ്, കുടുംബശ്രീ എന്നിവയെ ഉൾപ്പെടുത്തി കുട്ടികൾക്കിടയിൽ കൃത്യമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടികളും, ഇടപെടലുകളും നടത്തുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

കോവിഡ് - 19 ന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ കൂടുതൽ സമയവും വീടുകളിൽ അടച്ചിട്ടിരിക്കേണ്ടിവരുന്നതും, കായികാഭ്യാസ ത്തിനും, മറ്റ് കളികൾക്കുമായി അവസരങ്ങൾ കുറയുന്നതുമെല്ലാം അവരെ കൂടുതൽ മാനസിക സംഘർഷത്തിലേക്ക് തള്ളിവിടാൻ കാരണമാകു ന്നു. ആയതിനാൽ കുട്ടികൾക്ക് ആവശ്യമായ കായികാഭ്യാസം നൽകുന്ന തിന് കളിസ്ഥലവും, സ്പോർട്ട് ക്ലബുകളും ഉൾപ്പെടുത്തി പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതും അതാത് പഞ്ചായത്തിന്റെ സഹകരണത്തോടെ കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ സ്വീകരി ക്കേണ്ടതാണ്.

നിരവധി വാർഡുകളുള്ള പഞ്ചായത്തുകളിൽ വാർഡ് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ കോർഡിനേഷൻ പഞ്ചായത്തു തല ത്തിൽ നടപ്പാക്കുന്നതിനും, ഇതിന് പഞ്ചായത്ത് തലത്തിൽ ഒരു കോർഡി നേറ്ററെ നിയമിക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ട താണ്.

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ശുപാർശ പ്രകാരം വാർഡ് തലത്തിൽ പുന:സംഘടിപ്പിക്കുന്ന ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ

പ്രവർത്തനങ്ങളുമായി എക്സൈസ്, ഐ.സി.ഡി.എസ്., കുടുംബശ്രീ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വിമുക്തി ജാഗ്രത സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത്തലത്തിൽ ഒരു കോർഡിനേറ്ററെ നിയമിച്ചാൽ വാർഡ് തലത്തിൽ തന്നെ കുട്ടികൾക്കിടയിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിക്കും. ഇതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്തിന്റെ വാർഷിക വികസന പദ്ധതികളിൽ അതാത് പഞ്ചായത്തിലെ വായനശാലകൾ, ക്ലബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ എന്നിവയുടെ പ്രവർത്തനം പുന:രുജ്ജീവിപ്പിക്കുന്നതിന് ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും, പദ്ധതിയുടെ മാർഗ്ഗരേഖകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം വകുപ്പ് തലത്തിൽ കൈക്കൊള്ളുന്നതിനായി തദ്ദേശസ്വയം ഭരണ വകുപ്പ് മുന്നോട്ട് വച്ച നിർദ്ദേശം കമ്മീഷൻ ശുപാർശയായി സമർപ്പിക്കുന്നു.

കുട്ടികൾക്കിടയിലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്നതിനും ഇത്തരം പ്രവണതയെ പ്രതിരോധിക്കുന്നതിനും ആവശ്യമായ ടാസ്ക് ഫോഴ്സിന്റെ രൂപീകരണവും ഇടപെടലുകളുടെ മോണിറ്ററിംഗും നടത്തുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതാണ്.

സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബുകളുടെയും, എൻ.സി.സി./എസ്.പി.സി എന്നീ പദ്ധതികളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കുന്നതിനും, ലഹരിയുടെ പിടിയിലകപ്പെടുന്ന കുട്ടികളെ വേഗത്തിൽ കണ്ടുപിടിക്കുന്നതിനും ലഹരിയുടെ പിടിയിൽ അകപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നതിന് സാധിക്കും. ആയതിനാൽ ഇതിനാവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

കോവിഡ്-19 മഹാമാരിയുടെ കാലത്ത് വിദ്യാഭ്യാസം ഓൺലൈനിലൂടെ ആയതിനാൽ അവരുടെ മാനസിക സമ്മർദ്ധങ്ങൾ കുറയ്ക്കുന്നതിനും അവരുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനും വിവിധ സർക്കാർ-സർക്കാരേതിര സ്ഥാപനങ്ങൾ, ബാലസഭകൾ, ക്ലബുകൾ, സി.പി.സി എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികൾ

സംഘടിപ്പിക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതി പ്രകാരം 340 സ്കൂളുകളിൽ ദുർബല വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തി അവരുടെ നിരവധി പ്രശ്നങ്ങളിൽ ഇടപെടൽ നടത്തിവരുന്നു. ഇതിൽ ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങളിലും ഇടപെടൽ നടത്തുന്നുണ്ട്. കൂടാതെ ലഹരിക്ക് അടിമപ്പെടുന്ന കുട്ടികളുടെ കാര്യങ്ങളിൽ ഇടപെടുന്നതിന് ജില്ലാതല റിസോഴ്സ് സെന്റർ 10 ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഡി-അഡിക്ഷൻ ആവശ്യമായ കുട്ടികൾക്കുള്ള സേവനങ്ങളും, പാരന്റിംഗ് ക്ലിനിക്കുകളും, ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ മുഴുവൻ സ്കൂളുകളിലേക്കും 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളാവുന്നതാണ്.

കുട്ടികൾക്കും മുതിർന്നവർക്കുമായി 14 ജില്ലകളിലും ഡി അഡിക്ഷൻ സെന്റർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കുട്ടികൾക്ക് മാത്രമായി ഡി അഡിക്ഷൻ സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. അതിനാൽ കുട്ടികൾക്കായി പ്രത്യേക ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും മെഡിക്കൽ ഓഫീസർ, സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ്, സോഷ്യൽ വർക്കർ, നേഴ്സ് എന്നിവരെ വിവിധ തസ്തികകളിൽ നിയമിച്ചുകൊണ്ട് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

നിലവിൽ സംസ്ഥാനത്ത് 33,115 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഒരു വാർഡിൽ ഒന്നു മുതൽ മൂന്ന് വരെ അംഗൻവാടികൾ പ്രവർത്തിച്ചുവരുന്നു. ആയതിനാൽ വാർഡ്തല ജാഗ്രതാസമിതിയുടെ രൂപീകരണത്തിൽ അംഗൻവാടി ജീവനക്കാർക്ക് കൂടുതലായി ഇടപെടലുകൾ നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും സാധിക്കും. കൂടാതെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനം ലഭിച്ച സ്കൂൾ കൗൺസിലേഴ്സിന്റെ സഹായത്തോടെ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ 'പിയർ എഡ്യൂക്കേറ്റെഴ്സ്' ആയി പ്രത്യേക പരിശീലനം നൽകിയാൽ സ്കൂൾതല ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടൽ നടത്തുന്നതിന് സാധിക്കും. ആയതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

പഞ്ചായത്ത് തലത്തിലുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിയുടെ ചുമതലയുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസേഴ്സ് മുഖേന മറ്റ് വകുപ്പുകളെ ഏകോപിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷൻ നടത്തുന്നതിന് സാധിക്കും. ആയതിനാൽ വകുപ്പു തലത്തിലുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

അംഗൻവാടി തലത്തിൽ പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകൾ വഴി കൂടുതൽ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലഹരിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും ഇടപെടലുകൾ നടത്തുന്നതിനും സാധിക്കും. ആയതിനുള്ള നടപടി വകുപ്പ്തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചൈൽഡ് ലൈൻ കൃത്യമായി ഇടപെടൽ നടത്തിവരുന്നു. മലപ്പുറം, ഇടുക്കി ജില്ലകളിൽ നിന്നാണ് നിലവിൽ കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ നിന്നും കുട്ടികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയതിനാൽ ഇടപെടലുകൾ കൂടുതൽ ശക്തമാക്കുന്നതിനും പ്രതിരോധ മാർഗ്ഗങ്ങൾ കൂടുതലായി ഉൾപ്പെടുത്തുന്നതിനും, പ്രത്യേക സർക്കാർ സംവിധാനങ്ങളെ ചുമതലപ്പെടുത്തി ജില്ലാതലത്തിൽ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം ശേഖരിക്കുന്നതിനും, ഒരു കോർ ഗ്രൂപ്പ് സജ്ജമാക്കുന്നതിനും സാധിച്ചാൽ കുട്ടികൾക്കിടയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനും, മാസാടിസ്ഥാനത്തിലുള്ള വിവരശേഖരണത്തിനും സാധിക്കും. ആയതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളാവുന്നതാണ്.

ലഹരി വിരുദ്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നടപ്പാക്കി വരുന്ന വിവിധ പേരുകളിലറിയപ്പെടുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കാനാവശ്യമായ ഉത്തരവ് വകുപ്പുതലത്തിൽ പുറപ്പെടുവിക്കേണ്ടതും ആയത് എയ്ഡഡ്, അൺഎയ്ഡഡ് ഭേദമന്യേ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പാക്കേണ്ടതാണ്.

ലഹരിവിരുദ്ധ സന്ദേശങ്ങൾ പത്ര മാധ്യമങ്ങൾവഴി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്. കൂടാതെ ഓരോ വകുപ്പിനും ലഹരി വിരുദ്ധ പ്രവർത്തനവുമായി ബന്ധപ്പെട്ട് സ്വതന്ത്രമായി ചെയ്യാവുന്ന കാര്യങ്ങൾ കർത്തവ്യവാഹകരുമായി കൂടിയാലോചിച്ച് ചെയ്യേണ്ടതാണ്.

**ആഭ്യന്തര/എക്സൈസ് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ**

കോവിഡ് – 19 മഹാമാരിയുടെ കാലത്ത് കുട്ടികളുടെ മാനസികസംഘർഷം കുറയ്ക്കുന്നതിനും കുട്ടികളുടെ ആത്മഹത്യ തടയുന്നതിനും കേരള പോലീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച കൗൺസിലിംഗ് നൽകുന്ന പദ്ധതിയാണ് 'ചിരി'. കുട്ടികളുടെ മാനസിക സംഘർഷം അകറ്റി അവരെ നേർവഴിക്ക് നയിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. 9447900200 എന്ന ടോൾഫ്രീ നമ്പരും കൗൺസിലിംഗിനായി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴേതട്ടിലേക്ക് എത്തിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് കൂടുതൽ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ ലഹരി വിമുക്ത ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് – 19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ പദ്ധതിയുടെ ബോധവത്കരണ പ്രവർത്തനങ്ങളിൽ തടസ്സങ്ങൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ ലഹരി വിരുദ്ധ ക്ലബ്ബുകളുടെ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതാണ്.

തദ്ദേശസ്വയംഭരണ പ്രതിനിധികളെ ഉൾപ്പെടുത്തി വാർഡ്തലത്തിൽ വിമുക്തി ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വാർഡ്തലത്തിലുള്ള അംഗൻവാടി ജീവനക്കാർ, ആശാ വർക്കർമാർ, കുടുംബശ്രീ എന്നീ സംവിധാനങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തനം നടത്തുന്നതിലൂടെ പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെയും ഒറ്റപ്പെട്ടു പോകുന്ന കുട്ടികളെയും കണ്ടെത്താൻ സാധിക്കും. ആയതിനാൽ

വിമുക്തി ക്യാമ്പയിൻ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

എക്സൈസ് വകുപ്പ് ലഹരിവിമുക്തിയുടെ ഭാഗമായി നടപ്പാക്കുന്ന 'ഉണർവ്വ്' പദ്ധതി തിരഞ്ഞെടുക്കപ്പെട്ട ചില സ്കൂളുകളിൽ മാത്രമാണ് നടപ്പിലാക്കിയിരിക്കുന്നത്. കായികവും, മാനസികവുമായ ഉണർവ്വ് ലക്ഷ്യം വച്ചുകൊണ്ട് ലഹരിയെ ഒഴിവാക്കുന്നതിനായി കുട്ടികളുടെ ഉല്ലാസത്തിന് വഴിയൊരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ പ്രയോജനം മുഴുവൻ കുട്ടികളിലേക്കും ലഭ്യമാക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈകൊള്ളേണ്ടതാണ്.

എക്സൈസ് വകുപ്പിന്റെയും, നിംഹാൻസിന്റെയും നേതൃത്വത്തിൽ ലഹരി ഉപയോഗിക്കുന്ന ഒരു കുട്ടിയെ സ്കൂളിൽ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യാം എന്നത് സംബന്ധിച്ച് വിവിധ സ്കൂളുകളിലെ 70 അദ്ധ്യാപകരെ ഉൾപ്പെടുത്തി വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയിരുന്നു. ഇത്തരം പരിശീലന പരിപാടികൾ കൂടുതലായി നടപ്പാക്കുന്നതിനുള്ള നടപടി വകുപ്പ് തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ചെറുപ്രായത്തിൽ തന്നെ ലഹരിയുടെ ഉപയോഗം കുട്ടികളിൽ പോലും ചെന്നെത്തുന്നുണ്ട്. ആധുനിക സാങ്കേതിക വിദ്യകൾ കൊണ്ട് നിർമ്മിക്കപ്പെട്ടിട്ടുള്ള വിവര സാങ്കേതിക വിദ്യകളുടെ ഉപയോഗം കൊണ്ടും സോഷ്യൽ മീഡിയ വഴിയും കുട്ടികളിലേക്കും മറ്റുള്ളവരിലേക്കും എത്തുന്ന അജ്ഞാതരായ വിതരണക്കാരെ കണ്ടെത്തുന്നതിനോ അതിന്റെ ശൃംഖലയെ നാമാവശേഷമാക്കാനോ കഴിയാത്ത സാഹചര്യം ഉണ്ട്. സോഷ്യൽ മീഡിയയുടെ പ്ലാറ്റ്ഫോം ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്താൻ പോലീസ് സംവിധാനത്തിന് ഒരു പരിധിവരെ സാധിക്കുന്നുണ്ടെങ്കിലും അത്രയേറെ മെച്ചപ്പെടാത്തതും കാലാനുസൃതമായ മാറ്റങ്ങൾ ഇനിയും ഏറെ ഉണ്ടാകേണ്ടതുമായ എക്സൈസ് വകുപ്പിന്റെ, അന്വേഷണ സംവിധാനങ്ങളെ പുതിയ കാലത്തിനനുസരിച്ച് സോഷ്യൽ മീഡിയ വഴിയുള്ള ലഹരി മരുന്ന് വിതരണ ശൃംഖലയെ കണ്ടെത്താനും അതിനെ തകർക്കാനും ആവശ്യമായ രീതിയിലുള്ള സൈബർ അധിഷ്ഠിത അന്വേഷണ സംവിധാനങ്ങൾ എക്സൈസ് വകുപ്പിനുകൂടി ഉണ്ടാവുന്നത് ഉചിതമായിരിക്കും.

ഏതെങ്കിലും കുട്ടി ലഹരിക്ക് അടിമപ്പെടുന്നതായി കണ്ടാൽ ആ കുട്ടിക്ക് ഉചിതമായ ചികിത്സക്കും ആവശ്യമെങ്കിൽ ഡീ അഡിക്ഷൻ ചികിത്സയും നൽകുന്നതിനാവശ്യമായ നിർദ്ദേശം രക്ഷിതാക്കൾക്ക് നൽകേണ്ടതും, ആയത് കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

കമ്മീഷൻ സമർപ്പിച്ച മേൽ പറഞ്ഞ ശുപാർശകളിൽ ഓരോ വകുപ്പുകളും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 2012 ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം ഒരു മാസത്തിനകം കമ്മീഷന് ലഭ്യമാകേണ്ടതാണ്.